പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3643 | 25.06.2013 ൽ മറുപടിക്ക്

## മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ഹബ്ബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ഹബ്ബുകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും | ഉണ്ട് . മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ഹബ്ബുകൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിർമ്മിക്കുന്നതിനുവേണ്ടി ഒരു Feasibility Study കെ.എസ്.ടി.പി നടത്തുന്നുണ്ട്. ഇതിനു വേണ്ടിയുള്ള Expression of Interest 06.04.2013 ന് വിളിക്കുകയുണ്ടായി. 29 കൺസൾട്ടൻസ്റ്റുകൾ ഇതിന് താല്പര്യം പ്രകടിപ്പിച്ചു. അവരിൽ നിന്ന് 6 കൺസൾട്ടൻസ്റ്റുകളെ തിരഞ്ഞെടുക്കുകയും അവരോട് Request for Proposal (RFP) 15.07.2013ന് തരുന്നതിനു വേണ്ടിയുള്ള അറിയിപ്പ് 18.06.2013 - ൽ നൽകിയിട്ടുമുണ്ട്. ഇവരിൽ നിന്ന് അനുയോജ്യരായ കൺസൾട്ടൻസ്റ്റിനെ തിരഞ്ഞെടുത്ത് സാധ്യതാ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ബാക്കി നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, തിരുവനന്തപുരം എയർപോർട്ട് കേന്ദ്രീകരിച്ച് വായു,റോഡ്, റെയിൽ, ഉൾനാടൻ ജലഗതാഗതം, കടൽ മാർഗ്ഗങ്ങൾ കോർത്തിണക്കിയ ഒരു മൾട്ടി മോഡൽ ഹബ്ബ് ഉൾപ്പെടുന്ന തിരുവനന്തപുരം എയ്റോപോളിസ് എന്ന പദ്ധതിയുടെ പ്രി- ഫിസിബിലിറ്റി പഠനം നടത്തുവാൻ കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് കെ.എസ്.റ്റി.പി. എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ